**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3973** **27-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുജനങ്ങൾക്ക് സമീകൃതാഹാരം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യസുരക്ഷയുടെ ഭാഗമായി പൊതുജനങ്ങൾക്ക് സമീകൃതാഹാരം ലഭ്യമാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (എ) | പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനായി റേഷൻ കടകൾ വഴി കാർഡുടമകൾക്ക് നൽകുന്ന അരിയിൽ അയൺ, ഫോളിക് ആസിഡ്, മറ്റ വിറ്റാമിനുകൾ എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ ഉച്ചഭക്ഷണത്തിനായി സ്കൂളുകൾക്കും അംഗൻവാടിയിലേക്കും ഫോർട്ടിഫൈഡ് റൈസ് നല്കുന്നതിനുള്ള നടപടിയും സർക്കാരിന്റെ ആലോചനയിലുണ്ട്. ഫോർട്ടിഫൈഡ് റൈസിന്റെ ഗുണനിലവാര പരിശോധന ടെസ്റ്റ് റിസൾട്ട് വരുന്ന മുറയ്ക്ക് ഫോർട്ടിഫൈഡ് റൈസ് കേരളത്തിൽ വ്യാപകമായി വിതരണം ചെയ്യുന്നതാണ്. സപ്ലൈകോ വഴി സമ്പുഷ്ടീകരിച്ച ആട്ടമാവ് എല്ലാ വിഭാഗം കാർഡുടമകൾക്കും റേഷൻ കടകൾ വഴി വിതരണം നടത്തുന്നുണ്ട്. |
| (ബി) | അരിയും ഗോതമ്പും പോലെയുള്ള ധാന്യങ്ങൾ റേഷൻകട മുഖേന നൽകുന്നതുപോലെ പ്രാധാന്യമർഹിക്കുന്ന പച്ചക്കറികളും പഴങ്ങളും മത്സ്യമാംസാദികളും കുറഞ്ഞവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | റേഷൻ കടകൾ വഴി കൂടുതൽ ഉൽപ്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്ന കാര്യം പരിഗണനയിലാണ്. അതിനായി റേഷൻ കടകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പഴം, പച്ചക്കറി, മാംസം തുടങ്ങിയവ റേഷൻ ഡിപ്പോ വഴി വിതരണം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ